**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*218.** **06.02.2018 ൽ മറുപടിയ്ക്ക്**

**എൻഫോഴ്സ്മെന്റ് പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഐ.ബി.സതീഷ്**<br>**ശ്രീ.വി.അബ്ദുറഹിമാൻ**<br>**ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | വ്യാജ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിനായുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു |
| (ബി) | വർദ്ധിച്ച് വരുന്ന അബ്കാരി, എൻ.ഡി.പി.എസ്. കേസുകൾ കണക്കിലെടുത്ത് 'വിമുക്തി'യുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കാൻ ലഹരി വിമുക്ത മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) യും (സി) യും | ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8 മണിമുതൽ രാത്രി 8 മണിവരെ ടോൾഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങ |
| (സി) | മദ്യത്തിന് അടിമപ്പെട്ടവരെ ചികിത്സിക്കാനായി എല്ലാ ജില്ലകളിലും ഡി അഡിക്ഷൻ സെന്ററുകൾ തുടങ്ങാനുള്ള | | |

| | | | |
|---|---|---|---|
| | പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ലഹരിയിൽ നിന്നും മോചിപ്പിക്കാനെന്ന പേരിൽ ഉള്ള അസംഖ്യം വ്യാജ ഡി അഡിക്ഷൻ സെന്ററുകളെ നിയന്ത്രിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | | ളെയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ലഹരിക്കെതിരെ 'കായിക ലഹരി' യെന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഇതിനോടകം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 'വിമുക്തി' മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ആരോഗ്യവകുപ്പ് 10 ജില്ല/താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ അന്താരാഷ്ട്ര നിലവാരത്തിൽ ഒരു ലഹരി മോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും ആവശ്യമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ലഹരിയിൽ നിന്നും മോചിപ്പിക്കാനെന്ന പേരിൽ വ്യാജ ഡി അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ